## എൻഫോഴ്സ്മെന്റ് ഓഫീസറെ എതിർവിസ്താരം ചെയ്യാനുള്ള അനുമതി നിഷേധിച്ചത് റദ്ദാക്കി

### ബോംബെ ഹൈക്കോടതി

W.P.S.T. No. 97150/2020 Dt. 11.1.2021

സറാഹ് എക്സിം പ്രൈവറ്റ് ലിമിറ്റഡ്

x

അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

സ്ഥാപനത്തിൽ പരിശോധന നടത്തിയ മൂന്ന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥന്മാർ 17.3.2020-ൽ ഇ.പി.എഫ്. കമ്മീഷണർക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചു. ഏഴ് മാസങ്ങൾക്കു ശേഷം 28.10.2020-ലാണ് അവയുടെ പകർപ്പുകൾ തൊഴിലുടമയ്ക്ക് നല്കിയത്. താമസിയാതെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്താൻ കമ്മീഷണർ തീരുമാനിച്ചു. അന്വേഷണത്തിൽ പങ്കെടുത്ത തൊഴിലുടമ ഇ.പി.എഫ്. ഓർഗനൈസേഷന്റെ ഭാഗത്തുനിന്നുള്ള സാക്ഷികളായ മൂന്ന് ഉദ്യോഗസ്ഥരെ എതിർവിസ്താരം ചെയ്യാൻ അനുവാദം ചോദിച്ചു. അന്വേഷണം എങ്ങനെയെങ്കിലും നീട്ടിക്കൊണ്ടുപോകുന്നതിനുള്ള തന്ത്രമാണതെന്ന് ആരോപിച്ച കമ്മീഷണർ തൊഴിലുടമയുടെ ആവശ്യം നിരാകരിച്ചു. ഇതിനെതിരെ തൊഴിലുടമ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഇ.പി.എഫ്. ഉദ്യോഗസ്ഥരായ സാക്ഷികളെ എതിർവിസ്താരം ചെയ്യാൻ അനുവദിക്കാതിരുന്നത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് തൊഴിലുടമ വാദിച്ചു. റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടതിനു ശേഷം ഏഴ് മാസം കഴിഞ്ഞാണ് അവയുടെ പകർപ്പുകൾ ഇ.പി.എഫ്. അധികൃതർ തങ്ങൾക്ക് നല്കിയതെന്നും അനാവശ്യമായി ഏഴ് മാസം കാലതാമസം വരുത്തിയ ഇ.പി.എഫ്. കമ്മീഷണർ അന്വേഷണം നീണ്ടുപോകുമെന്ന കാരണം ചൂണ്ടിക്കാട്ടി സാക്ഷികളെ എതിർവിസ്താരം ചെയ്യാൻ അനുവദിക്കാതിരുന്നത് അന്യായമാണെന്നും തൊഴിലുടമ വാദിച്ചു. അന്വേഷണം നീട്ടാനുള്ള തന്ത്രമായതിനാൽ എതിർവിസ്താരം നടത്താനുള്ള അനുവാദം നിഷേധിച്ചതിൽ തെറ്റില്ലെന്ന് ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. ഒരു അവസരം പോലും നല്കാതെ എതിർവിസ്താരത്തിനുള്ള അനുമതി നിഷേധിച്ചത് ന്യായീകരിക്കാനാവില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരായ സാക്ഷികളെ എതിർവിസ്താരം ചെയ്യാനുള്ള അനുമതി നിഷേധിച്ച ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കുകയും അന്വേഷണം അനന്തമായി നീണ്ടുപോകാൻ ഇടയാകാത്തവിധം എതിർവിസ്താരം പൂർത്തിയാക്കണമെന്ന് തൊഴിലുടമയോട് നിർദ്ദേശിക്കുകയും ചെയ്തു.